# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 29**

---

**രാജ്യത്ത് രണ്ടാം സ്ഥാനം**

## ടൈംസ് ആഗോള റാങ്കിംഗ്; എം.ജി സർവകലാശാലയുടെ നേട്ടം തുടർച്ചയായ മൂന്നാം വർഷം

ടൈംസ് ഹയർ എജ്യുക്കേഷന്റെ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാല ഇടം നേടുന്നത് തുടർച്ചയായ മൂന്നാം തവണ. കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച 2024ലേക്കുള്ള ടൈംസ് റാങ്കിംഗിൽ രാജ്യത്ത് രണ്ടാം സ്ഥാനത്തെത്തിയ സർവകലാശാല 2022, 2023 വർഷങ്ങളിലെ റാങ്കിംഗിലും ഉൾപ്പെട്ടിരുന്നു. 2023ലെ ടൈംസ് യംഗ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആഗോള തലത്തിൽ 77-ാം സ്ഥാനം നേടുകയും ചെയ്തു.

ലണ്ടൻ ആസ്ഥാനമായുള്ള ടൈംസ് ഹയർ എജ്യുക്കേഷന്റെ ഏറ്റവും പുതിയ റാങ്കിംഗിൽ രാജ്യത്ത് ഒന്നാം സ്ഥാനം ബാംഗളൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസി(ഐ.ഐ.എസ്സി)നാണ്. തമിഴ്നാട്ടിലെ അണ്ണാ സർവകലാശാല, ഡൽഹിയിലെ ജാമിയ മില്ലിയ സർവകലാശാല എന്നിവയ്ക്കൊപ്പമാണ് എം.ജി സർവകലാശാല രണ്ടാം സ്ഥാനം പങ്കിട്ടത്. ഐ.ഐ.എസ്സി 201 മുതൽ 250 വരെയുള്ള റാങ്ക് വിഭാഗത്തിലും രണ്ടാം സ്ഥാനത്തുള്ള സർവകലാശാലകൾ 501 മുതൽ 600 വരെയുള്ള റാങ്ക് വിഭാഗത്തിലുമാണ്. രാജ്യത്തെ 91 സർവകലാശാലകൾ ഉൾപ്പെട്ട പട്ടികയിൽ കേരളത്തിൽനിന്ന് എം.ജി സർവകലാശാലയ്ക്കു പുറമെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല മാത്രമാണുള്ളത്.

108 രാജ്യങ്ങളിലെ 1904 സർവകലാശാലകളും സ്ഥാപനങ്ങളും ഇടംപിടിച്ച റാങ്കിംഗിൽ യു.കെയിലെ ഓക്സ്ഫഡ് സർവകലാശാല തുടർച്ചയായ എട്ടാം വർഷവും ഒന്നാം സ്ഥാനം നിലനിർത്തിയപ്പോൾ അമേരിക്കയിലെ സ്റ്റാൻഫഡ് സർവകലാശാല, മസാച്ചുസിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, യു.കെയിലെ ഹർവാഡ്, കേംബ്രിഡ്ജ് സർവകലാശാലകൾ എന്നിവയാണ് യഥാക്രമം രണ്ടു മുതൽ അഞ്ചുവരെ സ്ഥാനങ്ങളിൽ.

അധ്യാപനം, ഗവേഷണം, അറിവു പങ്കുയവയ്ക്കൽ, രാജ്യാന്തര വീക്ഷണം

വ്യവസായ മേഖലയുമായുള്ള സഹകരണം തുടങ്ങി 18 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് ടൈംസ് റാങ്കിംഗ് തയ്യാറാക്കുന്നത്.

പുതിയ കാലഘട്ടത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അക്കാദമിക്, ഗവേഷണ മേഖലകളിൽ നടത്തിയ മുന്നേറ്റമാണ് റാങ്കിംഗിൽ സ്ഥാനം നില നിർത്താൻ സഹായകമായതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പ റഞ്ഞു.

യു.എസ്. ന്യൂസിന്റെ 2022 -23ലെ റാങ്കിംഗിൽ പോളിമെർ സയൻസിൽ ഉന്നത പഠനത്തിനുള്ള രാജ്യത്തെ ഏറ്റവും മികച്ച സർവകലാശാലയായി തിരഞ്ഞെടുക്കപ്പെട്ട എം.ജി സർവകലാശാല വികസ്വര രാജ്യങ്ങളിലെ സർവകലാശാലകളുടെ 2022ലെ ടൈം സ് റാങ്കിംഗിൽ 101-ാം സ്ഥാനവും ഗവേഷണ-സംരംഭകത്വ മേഖലകളിലെ മികവിനുള്ള കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അടൽ റാങ്കിംഗിൽ മൂന്നാം സ്ഥാനവും കരസ്ഥ മാക്കിയിരുന്നു.

(പി.ആർ.ഒ/39/1170/2023)

## നഗര മാലിന്യ സംസ്കരണത്തിന് നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തണം-പ്രഫ. ആൻജ് സീഹു

നഗരങ്ങളിലെ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിന് ലഭ്യമായ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ഫ്രാൻസിലെ ഐ.എം.ടി മൈൻസ് ആൽബി സർവകലാശാലയിലെ പ്രഫ. ആൻജ് സീഹു അഭിപ്രായപ്പെട്ടു. മാലിന്യ സംസ്കരണ മാതൃകകളെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നഗരങ്ങളിൽനിന്ന് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ തുറസായ സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടി വരുമ്പോൾ അത്തരം സ്ഥലങ്ങൾ പ്രത്യേകമായി ഒരുക്കണം. മാലിന്യ കൂന്പാരങ്ങളിൽനിന്നുള്ള മലിന ജലം മണ്ണിലേക്കും സമീപത്തെ ജലാശയങ്ങളിലേക്കും പരക്കുന്നത് ഫലപ്രദമായി തടയുന്ന ജൈവ സ്ഥരങ്ങൾ ഉപയോഗിക്കുന്ന യൂറോപ്യൻ രാജ്യങ്ങളിലെ രീതി പിന്തുടരുന്നത് ഫലപ്രദമാണ്.

ബയോഗ്യാസിൽനിന്ന് ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും ബയോ ഗ്യാസിൻറെ ദുർഗന്ധം ഒഴിവാക്കുന്നതിനുള്ള ഫിൽട്ടറുകളും ഫ്രാൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം ശാസ്ത്രീയ മാർഗങ്ങൾ ഇന്ത്യയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാങ്കേതിക പിന്തുണ സൗജന്യമായി ലഭ്യമാക്കാൻ തയ്യാറാണെന്ന് അദ്ദേഹം വ്യക്തമാക്കി.

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ നോബെൽ പുരസ്കാര ജേതാക്കളായ ജോൺ ബി. ഗുഡെനോഫ്, എം. സ്റ്റാൻലി വിറ്റിംഗ്ഹാം, അകിര യോഷിനോ എന്നിവരുടെ പേരിലുള്ള ചെയറിൻറെ ചെയർ

പ്രഫസർകൂടിയാണ് പ്രഫ. ആൻജ് സീഹു. കഴിഞ്ഞ വർഷം ഓൺലൈൻ ചടങ്ങിൽ ചുമതയേറ്റ സീഹുവിവിന് മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഡയറക്റുമായ പ്രഫ. സാബു തോമസ് സർട്ടിഫിക്കറ്റ് ഔപചാരികമായി കൈമാറി.

ഊർജ്ജം, ജൈവ ഇന്ധനങ്ങൾ, മാലിന്യങ്ങളിൽനിന്നും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഫ. ആൻജ് സീഹു അമേരിക്കയിലെ പ്രിൻസ്റ്റെൻ സർവകലാശാല, ചൈനയിലെ ഷെജിയാംഗ് സർവകലാശാ തുടങ്ങിയ കേന്ദ്രങ്ങളിൽ വിസറ്റിംഗ് പ്രഫസറാണ്.

പ്രഭാഷണ പരിപാടിയിൽ ഫ്രാൻസിലെ തുളോസ് സർവകലാശാലയിലെ ഗവേഷക ഡോ. നതാലി ലിസ്കോ, സെൻറർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഡയറക്ടർ ഡോ. എം.എസ്.ശ്രീകല, പ്രഫ. അനിത സി. കുമാർ, കാനഡയിൽനിന്നുള്ള പ്രഫ. ജോ താരമംഗലം, പ്രഫ. എൽസി താരമംഗലം, സെൻ്റർ ഫോർ റൂറൽ മാനേ ജ്മെൻ്റ് ഡയറക്ടർ ഡോ. ജോസ് ചാത്തുകുളം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രതി നിധികൾ തുടങ്ങിയവർ നേരിട്ടും വിവിധ വിദേശ രാജ്യങ്ങളിൽനിന്ന് നൂറിലധികം പേർ ഓൺലൈനിലും പരിപാടിയിൽ പങ്കെടുത്തു.

***ഫോട്ടോ ക്യാപ്ഷൻ..***

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നോബേൽ സമ്മാന ജേതാക്കളുടെ പേരിൽ ആരംഭിച്ച ചെയയറിൻ്റെ ചെയർ പ്രഫസറായ പ്രഫ. ആൻജ് സീഹുവിന് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഡയറക്ടറും മുൻ വൈസ് ചാൻസലറുമായ പ്രഫ. സാബു തോമസ് സർട്ടിഫിക്കറ്റ് കൈമാറുന്നു.

(പി.ആർ.ഒ/39/1171/2023)

## <u>പ്രാക്ടിക്കൽ</u>

ജൂലൈയിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻ്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

-----------------

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്, എം.എസ്.സി സ്പേസ് സയൻസ്(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/1172/2023)

## <u>ഇൻസ്ട്രുമെൻ്റ് ടെക്നീഷ്യൻ; കരാർ നിയമനം</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ

ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഇ.ബി.ടി വിഭാഗത്തിലെ ഒരു ഒഴിവിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. വർഷാന്ത്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി മൂന്നു വർഷത്തേക്ക് ദീർഘിപ്പിച്ചേക്കാം.

ലൈഫ് സയൻസിൽ ബിരുദാനന്തര ബിരുദവും നിർദ്ദിഷ്ട ലാബോറട്ടറി സംവിധാനങ്ങളിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1173/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**